**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2869** **25-06-2024 - ൽ മറുപടിയ്ക്ക്**

**മദ്യപിച്ച് ഡ്യൂട്ടിക്ക് എത്തിയ ജീവനക്കാർക്കെതിരെയുള്ള ശിക്ഷാ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | തിരുവിതാംകൂർ ദേവസ്വം കമ്മീഷണർ ഓഫീസിൽ കഴിഞ്ഞ ആറുമാസകാലയളവിൽ വിജിലൻസ് എസ്.പി. എത്ര റിപ്പോർട്ടുകൾ സമർപ്പിച്ചുവെന്നും പ്രസ്തുത റിപ്പോർട്ടുകളിൽ എത്ര റിപ്പോർട്ടുകളിന്മേൽ തുടർനടപടി സ്വീകരിക്കാനാണ് ദേവസ്വം ബോർഡ് ചുമതല നല്കിയതെന്നും ആരെയൊക്കെയാണ് ചുമതലപ്പെടുത്തിയതെന്നും വ്യക്തമാക്കാമോ; | (എ) | തിരുവിതാംകൂർ ദേവസ്വം ബോർഡ് വിജിലൻസ് & സെക്യൂരിറ്റി വിഭാഗം സൂപ്രണ്ട് ഓഫ് പോലീസ് തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ ഓഫീസിൽ സമർപ്പിക്കുന്ന അന്വേഷണ റിപ്പോർട്ടുകൾ ടി ഓഫീസുകളിൽ നിന്നാണ് തുടർനടപടികൾക്കായി തിരുവിതാംകൂർ ദേവസ്വം ബോർഡ് കമ്മീഷണർ ഓഫീസിലേക്ക് നൽകിവരുന്നത്. അപ്രകാരം കഴിഞ്ഞ ഡിസംബർ 2023 മുതൽ മെയ് 2024 വരെ 227 റിപ്പോർട്ടുകൾ തിരുവിതാംകൂർ ദേവസ്വം ബോർഡ് കമ്മീഷണർ ഓഫീസിലേക്ക് നൽകിയിട്ടുണ്ട്. ആയതിന്മേലെല്ലാം തുടർനടപടി സ്വീകരിക്കാൻ ബോർഡ് കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടുകളിലെ വിഷയത്തിന്റെ തീവ്രതയും, ആവശ്യകതയും അനുസരിച്ച് ബന്ധപ്പെട്ട സെക്ഷനുകൾ/ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ ഓഫീസ്/ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ഓഫീസ് എന്നിവിടങ്ങളിലായി നടപടി സ്വീകരിച്ച് വരുന്നു. |
| (ബി) | ക്ഷേത്രങ്ങളിൽ മദ്യപിച്ച് ഡ്യൂട്ടിക്ക് എത്തിയ ജീവനക്കാർക്കെതിരെയുള്ള എത്ര വിജിലൻസ് റിപ്പോർട്ടുകളിൽ നടപടി സ്വീകരിച്ചുവെന്നും എത്ര ജീവനക്കാരെ സസ്പെൻഡ് ചെയ്തുവെന്നും എത്ര ജീവനക്കാരെ സ്ഥലം മാറ്റിയെന്നും വ്യക്തമാക്കാമോ; | (ബി) | ക്ഷേത്രങ്ങളിൽ മദ്യപിച്ച് ഡ്യൂട്ടിക്ക് എത്തിയ 12 ജീവനക്കാരെ സസ്പെൻഡ് ചെയ്യുകയും 2 പേർക്ക് സ്ഥലംമാറ്റം നൽകുകയും ചെയ്തിട്ടുണ്ട്. |
| (സി) | മദ്യപിച്ച് ഡ്യൂട്ടിക്ക് എത്തിയത് സംബന്ധിച്ച് ഒരേ കുറ്റത്തിന് വ്യത്യസ്തമായ ശിക്ഷ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഏത് ചട്ടപ്രകാരമാണ് ഇപ്രകാരം വ്യത്യസ്ത ശിക്ഷാ നടപടികൾ നൽകിയിട്ടുള്ളതെന്ന വിശദാംശം വ്യക്തമാക്കാമോ? | (സി) | ഉദ്യോഗസ്ഥരുടെ/ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥ പ്രകാരം വിജിലൻസ് അന്വേഷണ റിപ്പോർട്ടിൽ കണ്ടെത്തുന്ന വിഷയത്തിന്റെ ഗൗരവവും, കുറ്റത്തിന്റെ കാഠിന്യവും ബന്ധപ്പെട്ട മേലുദ്യോഗസ്ഥരുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ മദ്യപിച്ച് ഡ്യൂട്ടിയ്ക്കെത്തുന്ന ജീവനക്കാർക്കെതിരെ വകുപ്പ് തല അടച്ചക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊതുവായ ഒരു |

| | | | |
|---|---|---|---|
| | | | ശിക്ഷയല്ല നടപ്പാക്കി വരുന്നത്. പണിഷ്മെന്റ് ട്രാൻസ്ഫർ, സസ്പെഷൻ എന്നിവ നൽകി തുടർ അച്ചടക്ക നടപടി സ്വീകരിച്ച് ശിക്ഷാ നടപടി നൽകുന്നു. |

സെക്ഷൻ ഓഫീസർ